# നിറവ്

2018-19

**ഡിജിറ്റൽ മാഗസിൻ**



## സെന്റ്.സെബാസ്റ്റ്യൻസ് ഹൈസ്കൂൾ

## പള്ളിത്തോട്

സെന്
പള്ളി

# സന്ദേശം

ആലപ്പുഴ രൂപതയിലെ കോർപ്പൊറേറ്റ് മാനേജ്മെന്റിനു കീഴിലുള്ള പള്ളിത്തോട് സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ സംരംഭമായ '**നിറവ്**' എന്ന ഡിജിറ്റൽ മാസികയ്ക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

ഇത്തരത്തിലുള്ള കുട്ടികളുടെ കൂട്ടായ പരിശ്രമങ്ങൾക്കും അവരുടെ സർഗ-വാസനകൾക്കും സാങ്കേതിക പരിജ്ഞാനത്തിനും ഒത്തിരിയേറെ പ്രാർത്ഥനാശംസകൾ



ഫാ.ആന്റണി കട്ടികാട്ട്

സ്കൂൾ മാനേജർ

# ആശംസ

പള്ളിത്തോട് സെന്റ് സെബാസ്റ്റ്യൻ'സ് ഹൈസ്കൂൾ വിഭാഗം വിദ്യാർഥികൾ ''നിറവ് എന്ന പേരിൽ ഒരു ഡിജിറ്റൽ മാസിക പ്രസിദ്ധീകരീക്കുന്നതിൽ വളരെയധികം സന്തോഷിക്കുന്നു.പ്രസ്തുത സംരഭത്തിന് എല്ലാവിധ ഭാവുകങ്ങളും നേർന്നുകൊള്ളുന്നു.

ജോസഫ് പയസ്

ഹെഡ് മാസ്റ്റർ



# ആശംസ

പള്ളിത്തോട് സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂളിന്റെ പ്രഥമസംരഭമായ ഡിജിറ്റൽ മാഗസിന് 'നിറവിന്'

ആത്മാർത്ഥമായ അഭിനന്ദനങ്ങൾ !! ആധുനിക ഡിജിറ്റൽ യുഗത്തിന്റെ വാനവീഥിയിലേക്ക് ചുവട് വച്ച്

കയറി തങ്ങളുടേതായ സ്ഥാനം ഉറപ്പിച്ച്, നക്ഷത്രങ്ങളെപ്പോലെ വിരാജിക്കുമ്പോൾ തയ്യാറെടുക്കുന്ന എല്ലാകുരുന്നു പ്രതിഭകൾക്കും അവർക്ക് എല്ലാ പ്രോത്സാഹനങ്ങളും നല്കി കൂടെ നിൽക്കുന്ന അധ്യാപകർക്കും

ആശംസകളുടെ പൂച്ചെണ്ടുകൾ അർപ്പിക്കുന്നു.

സ്നേഹപൂർവ്വം

**ഷീല ടീച്ചർ**

**സീനിയർ അസിസ്റ്റന്റ്**



# *സമർപ്പണം*

**ഞങ്ങളുടെ വിദ്യാലയത്തിലെ മൺമറഞ്ഞുപോയ പൂർവ്വാധ്യാപകൻ ശ്രീ എ. ഡി സേവ്യർ സാറിന് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ ഡിജിറ്റൽ മാസിക "*നിറവ്* "*ഹൃദയപൂർവ്വം* സമർപ്പിക്കുന്നു.**

**ലിറ്റിൽ കൈറ്റ്സ്**



**എഡിറ്റോറിയൽ.....**

മനുഷ്യന്റെ നിർമ്മിതികൾ
അനശ്വരങ്ങളാക്കുന്ന്
പലപ്പോഴും തൂലികകളാണ്
തൂലികയുടെ മായാപ്രപഞ്ചങ്ങൾ
സൃഷ്ടിച്ചവരാണ് ഷേക്സ്പിയറും
വേർഡ്സ് വെർത്തും,ടാഗോറുമെല്ലാം
ഇവിടെ ഞങ്ങളും തൂലികയുടെ
ദ്രുതചലനങ്ങൾക്ക് തുടക്കം കുറിക്കുകയാണ്
കഥകളും കവിതകളും അനുഭവക്കുകയാണ്
ചിത്രങ്ങളും അങ്ങനെ നിരവധിയായ
നിറങ്ങൾ ചേർത്ത് പാലിച്ച
ആധുനിക കാലത്തിന്റെ
ഡിജിറ്റൽ മാസിക 'നിറവ്'
നിങ്ങൾക്കായ് നൽകുന്നു
ആസ്വദിച്ച് പ്രോത്സാഹിപ്പിക്കുമല്ലോ!

ചീഫ് എഡിറ്റർ
**ഷിയോൺ വിൻസെന്റ്**

# എഡിറ്റോറിയൽ ബോർഡ്

## ചീഫ് എഡിറ്റർ - ഷിയോൺ

## എഡിറ്റേഴ്സ്

*ജോമൽ
*റിയാഷ്
*ആൽഡ്രിൻ
* അഭിഷേക്
*മാല്യ



*നന്ദന
*അമല

ഉള്ളടക്കം

എല്ലാം മാനവർക്കായ്.......................................................കൃഷ്ണപ്രിയ
പ്രണയകഥ...............................................................ക്രിസ് മേരി
അറിയാമോ?.............................................................പ്രഷില്ല
ദേശസ്നേഹം...............................................................ജോയൽ
പുരാതനകവിത്രയം......................................................ജോസ് ന ജോസ്
കുസൃതി..................................................................മേരി നന്ദന
മേഘത്തിന്റെ ആത്മകഥ..................................................അലീത്ത
മഹത് വചനങ്ങൾ........................................................മേരി ഹെലൻ
പൂർത്തിയാക്കാമോ? ......................................................അഭിഷേക്
കടങ്കഥകൾ................................................................ഷീൻ മരിയ
Find Solution...............................................................ജിസ്ന
ചിത്രം......................................................................റ്റിഷിൽ
ഒമ്പത് ,ഒമ്പത്..............................................................ഡെയ്സി
കേരളത്തിന്റെ പുതുജീവൻ...................................................മേരി നന്ദന
അനാഥത്വം...............................................................ഗായത്രി
അതിമോഹം ആപത്ത്.......................................................ഷീൻ മരിയ
കുസൃതി ചോദ്യങ്ങൾ........................................................ജോമൽ
ഇംഗ്ലീഷിലെ കളി............................................................അഭിഷേക്
എന്റെ വിദ്യാലയം...........................................................ഷിയോൺ
ഒരു കത്ത്...................................................................ആൽഡ്രിൻ
ഉത്തരം പറയാമോ?............................................................റിജിൻ
Riddles......................................................................Aparna
Proverbs.....................................................................Jomal
Abbreviations...............................................................Daisy

# എല്ലാം മാനവർക്കായ്

പ്രകൃതി തൻ ജീവിത
സമർപ്പണം മാനവർക്കായ്,
മാനവരോ ചൂഷണം
ചെയ്യുന്ന പ്രകൃതിയേ!
വൃക്ഷലതാദികൾ പുൽമേടുകൾ
വയലുകൾ തോടുകൾ
എല്ലാം സമർപ്പണം മാനവർക്കായ്
വൃക്ഷങ്ങൾ ഓരോന്നും മായുന്ന
വയലുകൾ ഓരോന്നും ദേശാടനപക്ഷികൾ
എല്ലാം മാനവർക്കൊരു ഓർമ്മായ്
എന്നിരുന്നാലും പ്രകൃതിതൻ ദുഃഖം
മറക്കുന്ന മാനവർക്കായ്



# പ്രണയകഥ




കുളിരുപെയ്യുന്ന രാവിൽ നിൻ
നെറുകയിൽ ഒരു മഞ്ഞുകുളിരായ്
പെയ്യുന്ന ഈറൻ നിലാവായ്
മന്ദഹാസമായ് വീശുന്ന കാററായ്
നീ എന്നെ മെല്ലെ തലോടി
നിൻ മനസ്സിൽ ഞാൻ വരുന്ന നാൾ മുതൽ
എൻ മനസ്സിൽ നീ മഞ്ഞുതുള്ളിയായ്
പ്രണയമെൻ ആനനത്തിൽ
പുഞ്ചിരിയായ് വിടരുമ്പോൾ
നീമാത്രമെൻ മനസ്സിൽ ഒരു
ഓർമ്മയായ് തെളിയുന്നു.
പെരുകുന്ന വേദനയോടെ ഞാൻ
നിന്റെ മുൻപിൽ നിൽക്കുമ്പോൾ
ഒരു മഞ്ഞുകട്ടയായും, നിന്നെ ഞാൻ
എന്റെ മനസ്സിൽ ഒരു അരവിന്ദമായും
ചേർത്തണച്ച നാളിൽ
നീ എന്റേതും ഞാൻ നിന്റേതുമായ് മാറും .

ക്രിസ് മേരി VIII A

# അറിയാമോ.....????

*ഏറ്റവും ഭാരം കുറഞ്ഞ ലോഹം.........................................................................ലിഥിയം.

*മലയാളത്തിലെ ആദ്യനോവൽ.............................................................................കുന്ദലത.




*തപാൽ സ് റ്റാമ്പിൽ പ്രത്യക്ഷപ്പെട്ട ആദ്യ കേരളീയൻ.........................................ശ്രീനാരായണഗുരു.

*ഏറ്റവും പഴക്കമുള്ള ഇതിഹാസം..........................................................................രാമായണം.

*വെളുത്ത സ്വർണ്ണം ഏന്നറിയപ്പെടുന്ന കാർഷികവിള.........................................കശുവണ്ടി.

*ലോകത്തിലെ ഏറ്റവും വലിയ നദി....................................................................ആമസോൺ

*ഓടക്കുഴൽ ആരുടെ കൃതിയാണ്...........................................................................ജി.ശങ്കരക്കുറുപ്പ്

പ്രഷില്ല IX B

# ദേശസ്നേഹം





സ്വന്തം മാതൃഭൂമിയോട് ഓരോ വ്യക്തിയുടെയും ഹൃദയത്തിൽ അഗാധമായ ആത്മബന്ധം ഉണ്ടായിരിക്കും.മാതൃഭൂമിയേക്കുറിച്ച് ഓരോ വ്യക്തിയും അഭിമാനം കൊള്ളുന്നു.ഇതിനെയാണ് ദേശസ്നേഹം എന്നു പറയുന്നത്.മാതൃഭൂമിയോടുള്ള സ്നേഹം ഓരോ വ്യക്തിയിലും ജന്മസിദ്ധമായുള്ള ഗുണമാണ്.ഓരോ വ്യക്തിക്കും താൻ ജന്മമെടുത്ത നാടിനോടും ചുറ്റുപാടുകളോടും അഗാധമായ സ്നേഹം ഉണ്ടായിരിക്കും. ജന്മനാട്ടിൽ നിന്നും എത്രനാൾ അകന്നു ജീവിച്ചാലും അവൻെറ മനസ്സിൽ സ്വന്തം നാടിനെക്കുറിച്ചുള്ള ഗൃഹാതുരത്വമുണർത്തുന്ന സ്മരണകൾ ഇരമ്പുന്നുണ്ടാവും.സ്വന്തം ഗ്രാമവും ഗ്രാമീണസുഹൃത്തുക്കളും അവരുടെ ആചാരരീതികളും എല്ലാം എല്ലാം അവൻെറ ഓർമയിൽ സദാ നിലനിൽക്കുന്നു. എല്ലാ മനുഷ്യരിലുമുള്ള ഈ വൈകാരിക സവിശേഷതയുടെ പരിഷ്കൃതമായ രൂപമാണ് രാഷ്ട്രപ്രേമം അഥവാ സ്വരാജ്യസ്നേഹം.....

ജോയൽ IX C

# പുരാതനകവിത്രയം

| കവി | കൃതി | പ്രസ്ഥാനം |
|---|---|---|
| ചെറുശ്ശേരി | കൃഷ്ണഗാഥ | ഗാഥാപ്രസ്ഥാനം |
| കുഞ്ചൻനമ്പ്യാർ | ധ്രുവചരിതം | തുള്ളൽപ്രസ്ഥാനം |
| എഴുത്തച്ഛൻ | അദ്ധ്യാത്മരാമായണം | കിളിപ്പാട്ട്പ്രസ്ഥാനം |








ജോസ്ന ജോസ് X A

# കുസൃതി.......



*ഒരിക്കലും പൂക്കാത്ത
മാവ്.................................ആത്മാവ്
*തിന്നാൻ പറ്റുന്ന
നിറം......................................ഓറഞ്ച്
*ആർക്കും ഇഷ്ടമല്ലാത്ത
കപ്പ്..............................ലോകക്കപ്പ്
*ഒരിക്കലും ഒടിയാത്ത വില്ല്................................മഴവില്ല്
*ഇലയില്ലാത്ത മരം...........................................കൊടിമരം
*ധാരാളം ആളുകൾ കയറിയിറങ്ങുന്ന ബസ്...........ക്യാമ്പസ്
*കഴുത്തിലണിയാൻ പറ്റാത്ത മാല.......................തിരമാല
*ഗാന്ധിജി കാണാത്ത ഇന്ത്യ..............................മിസ് ഇന്ത്യ
*ബോംബുകളുടെ നഗരം....................................ബോംബെ
*ഒരിക്കലും പൂക്കാത്ത വള്ളി................................തലമുടി

മേരി നന്ദന IX A

## മേഘത്തിൻെറ ആത്മകഥ



മുഖത്ത് ഇടിമിന്നലിൻെറ പ്രകാശമറിഞ്ഞ്,സിംഹനാദം മുഴക്കി, ഈ ഭൂമിയെ ചുറ്റുന്ന ശ്യാമളവർണ്ണനായ മേഘമാണ് ഞാൻ. ഇരുൾക്കാട്ടിലേയ്ക്ക് പ്രകാശധാര എന്ന പോലെ വരണ്ടുണങ്ങുന്ന ഭൂമിയുടെ ഹൃത്തടത്തിലേയ്ക്ക് ജലധാരയായി പെയ്തിറങ്ങുന്ന എന്നെത്തന്നെയാണ് വാരിധി എന്നും ജലധിയെന്നും മനുഷ്യർ വിശേഷിപ്പിക്കുന്നത്.

മഹാസമുദ്രത്തിൻെറ സന്തതിയാണ് ഞാൻ.എന്നാൽ എൻെറ ഗുണങ്ങൾ പിതാവിൻേറതിൽ നിന്നും തികച്ചും ഭിന്നമത്രേ. സമുദ്രത്തിൻെറഅപഗുണങ്ങളെ ഗുണമാക്കി മാറ്റാനും എനിക്കു കഴിയുന്നു. സമുദ്രത്തിലെ ഉപ്പുവെള്ളത്തെ മധുരജലമാക്കി മാറ്റി ലോകസേവനം നടത്തുന്നത് മേഘമായ ഞാനാണ്.

അലീത്ത IX A



ഞങ്ങൾ കുട്ടിപ്പട്ടങ്ങൾ................


# മഹത് വചനങ്ങൾ

*സത്യത്തെക്കുറിച്ചുള്ള അജ്ഞതയാണ് എല്ലാ ദുഃഖങ്ങൾക്കും കാരണം.

ശ്രീബുദ്ധൻ

*മതമേതായാലും മനുഷ്യൻ നന്നായാൽ മതി

ശ്രീനാരായണ ഗുരു



*പ്രത്യാശ ചലിക്കുന്ന ഒരു സ്വപ്നമാണ്

അരിസ്റ്റോട്ടിൽ

*അഭിപ്രായങ്ങൾ ഒരുവൻെറ ഉള്ളറിയാൻ സഹായിക്കുന്നു

ഷേക് സ് പിയർ

*എൻെറ ജീവിതമാണ് എൻെറ സന്ദേശം

മഹാത്മഗാന്ധി

*മനുഷ്യനിൽ അന്തർലീനമായിരിക്കുന്ന ദിവ്യതയുടെ പ്രശ്നമാണ് മതം

സ്വാമി വിവേകാനന്ദൻ

*അസത്യമായിട്ടൊന്നും ഈ ലോകത്തിലില്ല,അതു മനുഷ്യർ തന്നെ ഉണ്ടാക്കുന്നതാണ്

ബർണ്ണാഡ് ഷാ

മേരി ഹെലൻ IX A

# പൂർത്തിയാക്കാമോ.......?

| | | | | |
|---|---|---|---|---|
| 1 | | 2 | 3 | 4 |
| 5 | | | | |
| | 6 | | 8 | |
| 9 | | 11 | | |
| | | | 10 | |

**വലത്തോട്ട്**

**1.**ഭ്രാന്തൻമാരെ  പൂട്ടാൻ ഉപയോഗിക്കുന്നത്  **(3)**

**5.**കോളിംഗ് ബെല്ലിന് പകരം ഉപയോഗിച്ചിരുന്നത് **(2)**

**6.**കൂട്ടുകാരൻെറ  പിറന്നാളിന്  നാം ..............കൊടുക്കാറുണ്ട് **(3)**

**10.**പാണ്ഡവരുടെ  മാതാവ്**(2)**

**താഴോട്ട്**

നിറവ്

1.സ് ത്രീകൾ  ഇതിൽ വളരെ തൽപരരാണ് (3)

2.വള്ളിയുടെ മറ്റൊരു പേര് (2)

3. ....................വശമുള്ളവൻ മാന്തികൻ (2)

4. ശ്രീകൃഷ്ണൻെറ  പത്നിമാരിൽ  ഒരാൾ (4)

6.ഇതിൽ ശ്രീകൃഷ്ണൻ വസിക്കുന്നു എന്നാണ്  ഹൈന്ദവ വിശ്വാസം (3)

8.ഇതിൻെറ മറ്റൊരു പേരാണ് തോഴി (2)

9.ദേവലോകസുന്ദരിമാരിൽ ഒരാൾ (2)

11.കരയിലെ ഏറ്റവും വലിയ ജീവി (2)



അഭിഷേക് IX  A

# കടങ്കഥകൾ

1.*കുളിക്കുന്നതിന് മുമ്പ് സുന്ദരി കുളിച്ച് കയറിയപ്പോൾ ഗർഭിണി*- പപ്പടം

2.*അടിയും മുകളും തട്ടിട്ടിരിക്കുന്ന തച്ചനാര്?*- ആമ

3.*അടിപാറ,നടുവടി,മീതെ കുട*- ചേന

4.*അടിക്കാത്ത മുററമേത്?*- ആകാശം

5.*ഒരാളെയേററാൻ നാലാള്*- കട്ടിൽ

6.കണ്ടാൽ തീവണ്ടി തൊട്ടാൽ ചക്രം- തേരട്ട

7.ഓട്ടം കാലില്ല,പറക്കും ചിറകില്ല,കരയും കണ്ണില്ല,അലറും വായില്ല-മേഘം

8.കണ്ടം കണ്ടം കണ്ടിക്കും കണ്ടംപോലെ തിന്നില്ല-കത്രിക

9.ചെത്തിത്തേച്ച ചുവരിൽ വിരിയും പിച്ചിപ്പൂക്കൾ-നക്ഷത്രങ്ങൾ

**10.ഇത്തിരി മുററത്ത് അഞ്ച് കാവൽക്കാർ-കൈവിരലുകൾ**

**ഷീൻ മരിയ IX A**

# FIND SOLUTION

3+6=9
4+7=20
5+8=33
6+9=48
7+10=?



ജിസ്ന IX B



കായികം........
ആരോഗ്യം........

# മികവുകൾ






## വിവിധ ക്ലബ്ബ് പ്രവർത്തനങ്ങളിലൂടെ...............









റ്റിഷിൽ IX C

# ഒമ്പത്

ഒമ്പത്

***9x9 = 81***
***99x99 = 9801***
***999x999 = 998001***
***9999x9999 = 99980001***
***99999x99999 = 9999800001***
***999999x999999 = 999998000001***
***9999999x9999999 = 99999980000001***
***99999999x99999999 = 9999999800000001***
***999999999x999999999 = 999999998000000001***

ഡെയ്സി IXC

# കേരളത്തിന്റെ പുതുജീവൻ



കേരളത്തിൽ അപ്രതീക്ഷിതമായാണ്
ജലപ്രളയം ഉണ്ടായത്. ഡാമുകൾ തുറന്നെങ്കിലും ഇത്രയും
വലിയ ഭീകര പ്രളയം നമ്മെ ബാധിക്കുമെന്ന് നാമാരും

*വിചാരിച്ചിരുന്നില്ല. രണ്ടും മൂന്നും നിലകളിലുള്ള കെട്ടിടങ്ങളിൽ ജീവിച്ചിരുന്നവരുടെ അവസ്ഥ നമുക്കു ടി.വിയിലും കാണാമായിരുന്നു. പല മലയടിവാരത്തുമുള്ള നൂറോളം വീടുകൾ കുതിച്ചുവന്ന ജലപ്രളയത്തിൽ ഒലിച്ചുപോയി. വളരെ കുറച്ചുപേരെ മാത്രമേ രക്ഷാപ്രവർത്തകർക്കു രക്ഷിക്കാനായുള്ളു .പല ക്യാമ്പുകളിലും ഭക്ഷ്യസാധനങ്ങൾ രക്ഷാപ്രവർത്തകർക്ക് എത്തിക്കാനായി. സ്വന്തം ജീവൻ പണയപ്പെടുത്തി മൽസ്യത്തൊഴിലാളികൾ രക്ഷാപ്രവർത്തനത്തിനു ചുക്കാൻ പിടിച്ചു. മൽസ്യത്തൊഴിലാളികൾ അങ്ങനെ ജീവരക്ഷകരായിത്തീർന്നു. കേരളത്തിനെ മഹാപ്രളയത്തിൽ നിന്ന് രക്ഷിച്ച മൽസ്യത്തൊഴിലാളികളെ ആദരിച്ചു.*

മേരി നന്ദന IX A

## *അനാഥത്വം*

***നിലാവ് പെയ്യുന്ന വേളയിൽ***
ഞാനാതെരുവിലൂടെ നടക്കുന്ന
നേരത്തതാ ഒരു പിഞ്ചുബാലൻ
അവനാരെയുമറിയില്ല
അച്ഛനാരെന്നറിയില്ല
അമ്മയാരെന്നറിയില്ല
കാശിനെന്തു ചെയ്യുന്നാ
തിന്മയുടെ  കാലഘട്ടത്തിൽ
ഒരു പിഞ്ചുബാലന്റവസ്ഥകണ്ടു
നിങ്ങൾ നിങ്ങളാതെരുവിലേക്കൊന്ന് നോക്കൂ
എത്രയെത്ര അനാഥ ബാല്യങ്ങൾ
നമ്മൾ കളയുന്ന ഒരുമണി ഭക്ഷണത്തിനു
വേണ്ടിയവർ നെട്ടോടമോടുന്നിതാ

നമുക്കുണ്ടായിട്ടും നമ്മളതു പാഴാക്കുന്നു
ഒരരിമണിതൻ വില മനസ്സിലാക്കത്തവർ നാം
ഇവിടെയെത്ര എത്ര വൃദ്ധസദനങ്ങൾ
അതിലെത്ര എത്ര മാതാപിതാക്കൾ
പത്തുമാസം ചുമന്നതിനും നൊന്തു
പെറ്റതിനും വാൽസല്ല്യപൂർവം വളർത്തി
വലുതാക്കിയ



തിനും അച്ഛനമ്മമാർക്കും നാം നൽകുന്ന
കൂലിയാണോ ഇത് ?
വലിചെറിയരുതേ തെരുവിലേക്കൊരു ബാല്യവും
ഉപേക്ഷിക്കരുതേ വൃദ്ധസദനങ്ങളിലേക്ക് നിങ്ങൾ
മാതാപിതാക്കളെയും അനാഥരാക്കരുത്
ഉപേക്ഷിക്കരുതേ

ഗായത്രി രാജു IX C

# ആഘോഷങ്ങൾ.......................











# അതിമോഹം ആപത്ത്

കഥ

ഒരു ദിവസം ഒരു ആമ പുഴയോരത്ത് കൂടി നടക്കുകയായിരുന്നു.അപ്പോൾ അതിന്റെ അടുത്ത് രണ്ട് കൊക്കുകൾ പറന്നുവന്നിരുന്നു.ആമയ്ക്ക് അവരെ പോലെ പറക്കണമെന്ന ആഗ്രഹമുണ്ടായിരുന്നു. തന്റെ ആഗ്രഹം ആമ അവരെ അറയിച്ചു.ആമയുടെ ആഗ്രഹം സാധിച്ചുകൊടുക്കാമെന്ന് കൊക്കുകൾതീരുമാനിച്ചു. അങ്ങനെ കമ്പ് കൊണ്ടുവന്നു.എന്നിട്ട്ആമയോട് അതിൽ കടിച്ചുതൂങ്ങി കിടക്കാൻ പറഞ്ഞു.

ആമ അത് അനുസരിക്കുകയും ചെയ്തു . കൊക്കുകൾ കമ്പിന്റെ രണ്ട് വശവും കൊത്തിപിടിച്ച് ആമയേയും കൊണ്ട്പറന്നുയർന്നു.ഒരു മൈതാനത്തിൻ മുകളിലൂടെയായിരുന്നു പറന്ന്പൊയ്ക്കൊണ്ടി-

രുന്നത്.അപ്പോൾ മൈതാനത്തിൽ കളിച്ചുക്കൊണ്ടിരുന്ന ആമയുടെ കൂട്ടുകാർ ഈ അദ്ഭുതംകണ്ട്അമ്പരന്നു നിന്നു . ഇത് ആമ കണ്ടപ്പോൾ കുറച്ചു കൂടി ഉയരത്തിൽ പറന്ന് അവരെ കൂടതൽ അമ്പരപ്പിക്കണമെന്ന ആഗ്രഹം ആമയ്ക്ക് ഉണ്ടായി.തൻെറആഗ്രഹം കൊക്കുകളെ അറിയിക്കാൻ വേണ്ടി ആമ വാ തുറന്നു.ആഗ്രഹം അറിയിക്കാൻ വാ തുറന്നപ്പോൾ ആമയുടെ കമ്പിൽ നിന്നുള്ള പിടി അഴിഞ്ഞു.ആമ 'പൊത്തോ ' എന്നു പറഞ്ഞ് താഴെ വീണ് ദേഹം തളർന്നു ചത്തു.

ഷീൻ മരിയ IX A

# കുസൃതിചോദ്യങ്ങൾ

1.ഓടും കുതിര ചാടും കുതിര വെള്ളം കണ്ടാൽ നിൽക്കും കുതിര - ചെരുപ്പ്

2.എത്ര തല്ലിയാലും ഇത്തിരി കണ്ണീരില്ല - ചെണ്ട

3.അണ്ണൻ ഏതു മരത്തിലും കയറും ഈ മരത്തത്തിലും കയറും ഈ മരത്തിൽ കയറിയില്ല - പുക

4.അമ്മയെ കുത്തി മകൻ മരിച്ചു - തീപ്പെട്ടി

5.ആരും ആഗ്രഹിക്കാത്ത പണം - ആരോപണം

6.തലയിൽ കാൽവെച്ച് നടക്കുന്ന ജീവി - പേൻ

7.വെള്ളത്തിൽ കാൽവെച്ച് നടക്കുന്ന ജീവി - നിഴൽ

8.ആവശ്യമുള്ളപ്പോൾ വലിച്ചെറിയും ആവശ്യം കഴിഞ്ഞ്ൽ സൂക്ഷിച്ചു വെയ്ക്കും - മീൻ വല

9.തലക്കുത്തിനിന്നാൽ വലുതാകുന്നതാര് - ആറ്

10.വെട്ടും തോറും നീളം കൂടുന്നതെന്ത് - വഴി

-ജോമൽ

## കളി.....ഇഗ്ലീഷിൽ

1.എപ്പോഴും തെറ്റായി ഉച്ചരിക്കപ്പെടുന്ന വാക്ക്?

WRONG

2.ഭിത്തിയും ജനലും വാതിലുമില്ലാത്ത മുറി?

Mushroom

3.11-ന്റെ കൂടെ 2 കൂട്ടിയാൽ 1 ആകുന്നത് എവിടെ?

Clock ൽ

4.ഡിസംബർ മാസത്തിലുള്ളതും മറ്റു മാസത്തിൽ ഇല്ലാത്തതും എന്ത്?

December

5.കാലിയായ വയറ്റിൽ എത്ര biscuit തിന്നും?

1

-അഭിഷേക് IXA

# എന്റെ വിദ്യാലയം



പച്ചപ്പുല്ലുകളാൽ സമൃദ്ധമാണ് സെന്റ്.സെബാസ്റ്റ്യൻ'സ് എന്ന എന്റെ വിദ്യാലയം.പഠനമാകുന്നവെള്ളി വെളിച്ചത്തിന്റെ നറുങ്ങുപ്പടികൾ ആരംഭിച്ചത് എന്റെ വിദ്യാലയത്തിലാണ് .വിദ്യാലയത്തിൽ എന്റെ ദൈവം എന്റെ ഗുരുനാഥന്മാരാണ്.ജ്ഞാനം എന്ന രണ്ടക്ഷരത്തിലാണ് എന്റെ ജീവിതം.ഹൃദ്യസ്ഥമായ അറിവിനെ പകർന്നു നൽകുന്നവരാണ് അധ്യാപകർ.വിദ്യാർഥകളുടെയും അധ്യാപകരുടെയും ഒത്തൊരുമയാണ് വിദ്യാലയത്തെ ഒരു വിദ്യാലയമാക്കിതീർക്കുന്നത്.വിദ്യാർഥികളുടെ നല്ല ഭാവിക്കായ് സ്വന്തം ജീവിതത്തെയും സമയത്തെയും ത്യജിക്കുന്നവരാണ് അധ്യാപകർ നല്ല നാളെ നല്ലൊരു ഭാവി എന്നൊരു സ്വപ്നമാണ് അധ്യാപകർ വിദ്യാർഥികളിൽ നിന്ന് പ്രതീക്ഷിക്കുന്നത്.പഠനമാണെന്റെ ജീവിതം അറിവാണെന്റെ സൗന്ദര്യം എന്ന വിദ്യാർഥി മനോഭാവമാണ് നല്ല നാളെയ്ക്കുള്ള ഉത്തമ
മാതൃക

-ഷിയോൺ

# ഒരു കത്ത്

പ്രിയപ്പെട്ട അമ്മയ്ക്ക്,

അമ്മേ ഞാൻ ഇവിടെ സുഖമായി തന്നെയിരിക്കുന്നു ഇവിടെ ഇപ്പോൾ നല്ല തണുപ്പാണ് . അവിടെ എങ്ങനെയാണ് ? തണുപ്പുണ്ടോ? ഇവിടെ എന്റെ പഠനം നല്ല രീതിയിൽ പോകുന്നു.അപ്പനും വീട്ടിലുള്ളവർക്കും സുഖം തന്നെയാണെന്ന് വിചാരിക്കുന്നു.ഞങ്ങൾ ക്രിസ്മസ്സും ന്യൂ ഇയറും നല്ലതായി തന്നെ ആഘോഷിച്ചു. ഇവിടെ മനോഹരമായി നല്ല ഡാൻസും പരിപാടികളും ഉണ്ടായിരുന്നു ഇനി എന്നാണ് നിങ്ങൾ എന്നാണ് നിങ്ങൾ എന്നെ കാണാൻ വരുന്നത്. വരുമെന്ന് തന്നെ പ്രതീക്ഷിക്കുന്നു.അനുജത്തി പഠിക്കാൻ പോകുന്നുണ്ടോ? എല്ലാവരേയും അന്വേഷിച്ചു എന്ന് പറയണം

സ്നേഹപൂർവ്വം
ആൽഡ്രിൻ

## നാടൻചൊല്ലുകൾ

*എല്ല് മുറിയെ പണിയെടുത്താൽ പല്ല് മുറിയെ തിന്നാം

*കാക്കയ്ക്കും തൻ കുഞ്ഞ് പൊൻ കുഞ്ഞ്

* മൂത്തവർ ചൊല്ലും മുതുനെല്ലിക്ക ആദ്യം കയ്ക്കും പിന്നെ മധുരിക്കും

*കുടം കമഴ്ത്തി വെള്ളം ഒഴിക്കരുത്

*കുരയ്ക്കും പട്ടി കടിക്കില്ല

*ഒരുമയുണ്ടങ്കിൽ ഉലയ്ക്കപ്പുറത്തും കയറാം

*കാക്ക കുളിച്ചാൽ കൊക്ക് ആവില്ല

*മത്തം കുത്തിയാൽ കുമ്പളം മുളയ്ക്കില്ല

*ഗദി കെട്ടാൽ പുലി പുല്ലും തിന്നും

*മിന്നുന്നതെല്ലാം പൊന്നല്ല

*കയ്പിട്ട് ഇറക്കാനും വയ്യ മധുരിച്ചിട്ട് തുപ്പാനും വയ്യ

*ഒത്തുപിടിച്ചാൽ മലയും പോരും

*സമ്പത്ത് കാലത്ത് തൈപത്ത് വച്ചാൽ ആപത്ത് കാലത്ത് കാപത്ത് തിന്നാം

*മുല്ല പൂമ്പൊടി ഏറ്റുകിടക്കും കല്ലിനുമുണ്ടൊരു സൗരഭ്യം


.................................

റിജിൻ

# *RIDDLES*

Which letter bring honey?
B
which letter is full of water?
C
Which letter asks the reason?
Y
Which letter gives rights?
I
Which letter is a drink?
T
Which letter means correct?
S
Which letter means one?
A
Which is the letter that stands for wrong?
X
Which letter that stands same starting and ending?
O
Which letter stands for unity?

JoshnaIXA




If you fail,never give up because
F. A. I. L means
“First attempt in Learning”
End is not the end,in fact
E. N. D. means
“Effort never dies”
If you got No as an answer,
remember N. O means
Next  Opportunity

Aparna  X A

# *Proverbs*

1.A little knowledge is dangerous.
2.A friend in need is friend indeed.
3.Barking dogs seldom bite.
4.Better late than never.
5.Every dog has a day.
6. An Idle mind is devils workshop.
7.Kill two birds with stone.
8.No pain no gain.
9.Union is strength.
10.An apple a day keeps the doctor away.
11.Honesty is the best policy.
12.Slow and steady wins the race.
13.Time and tide waits for no men.
14.Look before you leap.
15.All that glitters is not gold.

16. Knowledge is  power.
17.Rome was  not  build in a day.
18.Make hay  while  the  sun  shine.
19.Blood  is  thicker than water.
20.Rolling  stone  gathers  no  more.

Jomal IX C

# *ABBREVIATIONS*

**I SRO -Indian space research organisation**

**GSM – global system for mobile communication**

**APPLE-Arian passenger payload experiment**

**WHO -World health organisation**

**WWW- World wide web**

**R BI- Reserve bank of India**

**AIR-All India radio**

**P MG -Post master general**

**PTA -parents teachers association**

**PTO-please turn over**

**U PA-united progressive- alliance**

**RiyashIXA**

# *TEACHERS*

*The teachers are like sun*
*which enlighten the world by their light*
*they tell us the reality of light*
*and makes our future bright*

*teachers are like a candle*
*that burns for others*
*we are the birds they give us the features*
*teachers think their children would never fail*
*either they are boy or girl or male or female*

*the flowers of school garden*
*are like pearls on a string*
*the park of the children*
*is like a palace of the king*
*school life is the best life.......*

*MALU YESUDAS*



*റ്റിഷിൽ IX C*

*റ്റിഷിൽ* ***IX C***

## ഉൾചേരൽ വിദ്യാഭ്യാസവും

### സാമൂഹിക പങ്കം

രാഷ്ട്രം പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുന്നു.പുതിയ പുതിയ കണ്ടുപിടുത്തങ്ങളും പുരോഗമന ആശയങ്ങളുമെല്ലാം അതിന് സഹായിക്കുന്നു.എന്നാൽ രാഷ്ട്രം പുരോഗമിക്കുമ്പോഴും ആളുകളുടെ ജീവിതകാഴ്ചപ്പാടികളിലും ശൈലികളിലും പുരോഗതിയുണ്ടോ? രാഷ്ട്രം പുരോഗതിയ്ക്ക് പിന്തുണവിദ്യാർഥികളാണ്. എന്നാൽ എല്ലാ വിദ്യാർഥികൾക്കും ഉചിതമായ വിദ്യാഭ്യാസം ലഭിക്കുന്നുണ്ടോ?ഭിന്നശേഷിയുള്ള വിദ്യാർഥികളും രാഷ്ട്രത്തിന്റെ സ്വന്തമാണ്. അവരുടെ പുരോഗമനവും രാഷ്ട്രത്തിന്റെ ആവശ്യകതയാണ്.

ഭിന്നശേഷിക്കാർക്കാരുടെപുരോഗമനത്തിനായിഇന്നുവരെയേറെ പദ്ധതികൾ നിലവിലുണ്ട് .സ്കൂളുകളിലെ റെയ്ൽ പദ്ധതി ഇതിനുദാഹരണമാണ്.കണക്കുകൾ പ്രകാരം 21 തരം വൈകല്യങ്ങളാണ് നിലവിലുള്ളത്.ഡോർഫിയം,ജൈജാറ്റിസം എന്നിവ അതിനുദാഹരണങ്ങൾ.
പണ്ട് കാലങ്ങളിൽ ഭിന്നശേഷിക്കാരായ കുട്ടികളെ പുറത്തേയ്ക്ക് വിടുകയില്ലായിരുന്നു. എന്നാലിന്ന് കാലം മാറിയിരിക്കുന്നു.ഭിന്നശേഷിക്കാരും രാഷ്ട്രത്തിന്റെ പുരോഗമനത്തിൽ പങ്കുകാരാകുന്നു. എല്ലാ കഴിവുകളുമുണ്ടായിട്ടും ചിലർ മാത്രംഅവയെഉപയോഗപ്പെടുത്തുന്നു.എന്നാൽ തങ്ങളുടെ കുറവുകളുടെ നേട്ടങ്ങളായി അനേകം ആളുകളുണ്ട്.അതിന്ഉദാഹരണമാണ്സ്റ്റിഫൻ ഹോക്കിങ്,ഹെലൻ കലർ ശാസ്ത്രരംഗത്ത് അനേകം നേട്ടങ്ങൾ കൈവരിച്ച ആളാണ് സ്റ്റിഫൻ ഹോക്കിങ്,ശരീരം തളർന്നപ്പോഴും മനസ്സ് കരുത്തുറ്റതായിരുന്നു എന്നതാണ് അദേഹത്തിന്റെ വിജയം.ശരീരത്തിന്റെ കുറവുകളെ അദേഹം മനോദൈര്യത്താൽ നേരിട്ടു.
കണ്ണ് കാണാൻ സാധിക്കാതിരുന്ന ബ്രെയ്ലിലാ രാഷ്ട്രത്തിന് പുരോഗമനം ആവശ്യമായ ബ്രെയ്ൽ ലിപി കണ്ടുപിടിച്ചത്.ഇതെല്ലാം സാധാരണ മനുഷ്യർക്ക് ചെയ്യാൻ കഴിയുമായിരുന്നു. എന്നാലും ലൂയി ബ്രയ്ലാണ് ആദ്യമായി ഇത് കണ്ടെത്തിയത്. ജീവിതത്തിന്റെ സുഖങ്ങളിലേക്ക് വഴുതിവീഴുമ്പോൾ ഇത്തരം കാര്യങ്ങൾ നമ്മുടെ ചിന്തയിൽ നിന്നുമകലുന്നു.

സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ
പള്ളിത്തോട്

നിറവ്

മലയാളനാടിന്റെ മഹിമയാണ് വൈക്കം വിജയലക്ഷ്മി കണ്ണ് കാണില്ലെങ്കിലും അവർ മധുരമായി പാടുന്നു. ആ കഴിവ് അവരെ പ്രശസ്തരാക്കി. അനേകം കഴിവുകളുണ്ടിട്ടും പ്രയത്നിക്കാത്തവർ ശവങ്ങൾക്ക് തുല്ല്യരാണ്.ഇന്ന് രാഷ്ട്രം ഭിന്നശേഷിക്കാരുടെ പുരോഗമനത്തിനായി അവർക്കായി പുതിയ പദ്ധതികൾ രൂപികരിക്കുന്നു. അതിലൊന്നാണ് ഉൾച്ചേരൽ വിദ്യാഭ്യാസം.സാധാരണ കുട്ടികളുമായി ഇണങ്ങിചേരുമ്പോൾ അവർ ചെയ്യുന്നത് ഭിന്നശേഷി കുട്ടികളും അനുകരിക്കുന്നു.ഇങ്ങനെ അവരെ മെച്ചപ്പെടുത്തുവാൻ നമുക്ക് സാധിക്കുന്നതുമാണ്.എന്നാൽ രാഷ്ട്രം പുരോഗമിക്കുമ്പോൾ ആളുകളുടെ കാഴ്ചപ്പാടുകളും മറ്റും പുരോഗമിക്കേണ്ടതാണ്.എങ്കിൽ മാത്രമേ രാഷ്ട്രത്തിന്റെ പുരോഗമനം ഉയർച്ച പ്രാപിക്കുന്നുള്ളൂ.



**ഷീന പി.എസ് IX A**

# *Why god gave us friend*

God knew that every weeds
Companions hip and cheer,
He knew that people need someone
Whose thought are always near.

He knew they need someone kind
to lend a helping band
Someone to gladly take the time
to care and understand

God knew that are all need someone
To share each happy day
To be a source of courage
When trouble come our way .

Someone to be true to us
Whether near or far apart
Someone whose love well always
Hold and treasure in our hearts
That's why god gave us friends...........

JOHN DOUGLAS X B

# പ്രണാമം

സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ പള്ളിത്തോട് ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ വിദ്യാർത്ഥികളുടെനേതൃത്വത്തിൽ ഡിജിറ്റിൽ മാസിക നിറവ് തയ്യാറാക്കാൻ സഹായിച്ച ഹെഡ് മാസ്റ്റർ ശ്രീ ജോസഫ് പയസ് , സീനിയർ അസിസ്റ്റന്റ് ശ്രീമതി ഷീല ആന്റോ , എസ് .ഐ .റ്റി.സി ശ്രീമതി ജൂഡിറ്റ്പൊഡുത്താസ് ലിറ്റിൽ കൈറ്റ്സ് മാസ്റ്റേഴ്സ് മേരി ജെയ്ൻ ടീച്ചർ,ഏലിയാമ്മ ടീച്ചർ,ഇതിനെ പ്രോത്സാഹിപ്പിച്ച മറ്റ് അധ്യാപകർ എന്നിവർക്ക് ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ പേരിൽ നന്ദി അർപ്പിച്ചുകൊള്ളുന്നു.

**ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ**

